കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# വെളിനല്ലൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.എൽ.എം.പി 3/1448/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ കാര്യാലയം, കൊല്ലം

തീയതി –16/08/2017.

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

വെളിനല്ലൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : വെളിനല്ലൂർ ഗ്രാമപഞ്ചായത്ത് – 2016- 2017 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെളിനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2016–2017 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ

ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.കെ.എൽ.എം.പി-3/1448/2017തീയതി: 16/08/2017

## കൊല്ലം ജില്ലയിലെ വെളിനല്ലൂർ ഗ്രാമ പഞ്ചായത്തിന്റെ 2016 - 2017 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ വെളിനല്ലൂർ ഗ്രാമ പഞ്ചായത്തിന്റെ 2016 - 2017 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 21-11-2016 മുതൽ 15-06-2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണ ക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി.ഗീത.എം, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 16-6-17മുതൽ<br>28-6-17വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.കെ.സൈമൺ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീ.മനു.കെ.നായർ | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ബിന്ദുനായർ | ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.എം.കെ.നിർമ്മല | 1-4-2016 മുതൽ 31-3-2017 വരെ |
| സെക്രട്ടറി | ശ്രീ.എം.ആർ.ഷെറീഫ് | 1-4-2016 മുതൽ 31-3-2017 വരെ |
| നിർവ്വഹണഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.എൻ.പ്രദീപ്കുമാർ | 1-4-2016 മുതൽ 31-3-2017 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. ആൻ നെപ്പോളിയൻ | 1-4-2016 മുതൽ 31-3-2017 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.കെ.ശശി | 1-4-2016 മുതൽ 31-1-2017 വരെ |
| | ഡോ. സുചിത | 1-2-2017 മുതൽ 31-3-2017 വരെ |
| മെഡിക്കൽഓഫീസർ (ആയുർവേദം) | ഡോ.ഷിജു മാത്യൂ | 1-2-2017 മുതൽ 31-3-2017 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.മേരിക്കുട്ടി ജോസഫ് | 1-4-2016 മുതൽ 31-3-2017 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.ഉഷാറാണി | 1-4-2016 മുതൽ 31-3-2017 വരെ |
| വെറ്റിനറി സർജൻ | ഡോ. മാലിനി.കെ | 1-4-2016 മുതൽ 31-3-2017 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.വി.എഫ് നസീമ | 1-4-2016 മുതൽ 31-8-2016 വരെ |
| | ശ്രീ. ആർ ബാലചന്ദ്രൻ നായർ | 1-9-2016 മുതൽ 08-11-2016 വരെ |

| | | |
|---|---|---|
| | ശ്രീ. ആർ.മണികണ്ഠൻ | 08-11-2016മുതൽ<br>31-03-2017 വരെ |
| പ്രധാന അദ്ധ്യാപകൻ | ശ്രീ.ജി.മധുസൂദനൻ | 1-4-2016 മുതൽ<br>31-3-2017 വരെ |

## ഉള്ളടക്കം



| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിശകലനം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനതു വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |
| 12 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല | 2-1 |
| 13 | ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടില്ല | 2-2 |
| | ഭാഗം 3 | |

| | | |
|---|---|---|
| 14 | സബ്സിഡി മാർഗരേഖക്ക് വിരുദ്ധമായി ഖാദി യൂണിറ്റിന്റെ പുനരുദ്ധാരണത്തിന് തുക ചെലവഴിച്ചത് | 3-1 |
| 15 | ഹോംകോയിൽ നിന്ന് മരുന്ന് ലഭ്യമാക്കിയില്ല 2,50,000/- രൂപ തടസ്സപ്പെടുത്തുന്നു | 3-2 |
| 16 | പി.എം.എ.വൈ വിഹിതം ഒടുക്കൽ-വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല- 5,40,000/- രൂപ തടസ്സപ്പെടുത്തുന്നു. | 3-3 |
| 17 | ഒ.ഡി.എഫ്. കക്കൂസ് നിർമ്മാണം- കക്കൂസ് നിർമ്മിക്കാതെ തുക നൽകി | 3-4 |
| 18 | ആയുർവേദ ആശുപത്രിക്ക് മരുന്നുവാങ്ങൽ - മുഴവൻ തുകയ്ക്കുള്ള മരുന്നുകളും ലഭിച്ചില്ല | 3-5 |
| 19 | സി. എച്ച്. സി.പാലിയേറ്റിവ് കെയർ മരുന്ന വിതരണം ചെയ്തില്ല 2,39,190/- രൂപ തടസ്സത്തിൽ വയ്ക്കുന്നു. | 3-6 |
| 20 | ജീവനക്കാരുടെ സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് പ്രീമിയം ഈടാക്കുന്നത് അടിസ്ഥാന ശമ്പള നിരക്കനുസരിച്ചല്ല | 3-7 |
| 21 | അതുല്യം പദ്ധതിക്ക് വേണ്ടി വാങ്ങിയ പുസ്തകങ്ങളുടെ വില നൽകിയത് കോർഡിനേറ്ററുടെ അക്കൗണ്ടിൽ | 3-8 |
| 22 | അതുല്യം പദ്ധതി -റിസോഴ്സ് പെഴ്സന് നൽകിയ ഓണറേറിയം നിരാകരിക്കുന്നു | 3-9 |
| 23 | വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് ഫർണീച്ചർ വിതരണം ചെയ്യാൻ ഇനിയും ബാക്കി. | 3-10 |
| 24 | ജപ്പാൻ കുടിവെള്ള പദ്ധതി - പി.ഡബ്ല്യൂ.ഡി.റോഡുകൾക്ക് കെ.എസ് .റ്റി .പി.റോഡുകളുടെ റോഡ് റെസ്റ്റോറേഷൻ നിരക്ക്. | 3-11 |
| 25 | ഡെപ്പോസിറ്റ് വർക്ക് പദ്ധതി പൂർത്തിയാക്കിയിട്ടില്ല -ചെലവ് തുക തടസ്സപ്പെടുത്തുന്നു | 3-12 |

| | | |
|---|---|---|
| | | |
| 26 | ഡെപ്പോസിറ്റ് വർക്ക് പദ്ധതി പൂർത്തിയാക്കിയിട്ടില്ല -ചെലവ് തുക തടസ്സപ്പെട്ടുത്തുന്നു | 3-13 |
| 27 | ചൂങ്കത്തറ കുഴൽകിണർ - കൊക്കാട് ഏലാറോഡ് കലുങ്കും, കോൺഗ്രീറ്റും, എസ്കവേറ്റ് ചെയ്ത മണ്ണ് ഫില്ലിംഗിന് ഉപയോഗിച്ചിട്ടില്ല – നഷ്ടം 2599/-രൂപ | 3-14 |
| 28 | പ്രൈവറ്റ് ബസ് പാർക്കിംഗ് യാർഡ് ,മത്സ്യ മാർക്കറ്റ് എന്നീ പദ്ധതികൾ ലക്ഷ്യം കൈവരിച്ചില്ല | 3-15 |
| | ഭാഗം 4 | |
| 29 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 30 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 31 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 32 | സ്ഥിര നിക്ഷേപങ്ങൾ | 4-4 |
| 33 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 34 | ഓഡിറ്റ് റിക്കവറി | 4-6 |
| 35 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികയുടെ വിവരങ്ങൾ | 4-7 |
| 36 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 37 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 38 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 4-10 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 26-2-2016-ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-2017 | 19-6-2017 | - | - |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 28-6-2017 | |

(1) എല്ലാ ആസ്തികളുടെയും മൂല്യം ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ലാത്തതിനാൽ ബി11 ഷെഡ്യൂളുകളിലെ ആസ്തികളുടെ മൂല്യം കൃത്യമല്ല.

(2)സഞ്ജയ സോഫ്റ്റ് വെയർ പ്രകാരമുള്ള ഡിമാൻറ്, കളക്ഷൻ തുകയും, വാർഷിക കണക്കുപ്രകാരമുള്ള ഡിമാൻറ്, കളക്ഷൻ തുകയും വ്യത്യാസമുണ്ട്.

(3)വെളിനല്ലൂർ എസ്.ബി.ഐ അക്കൗണ്ട് നം.600-ൽ 31-03-2017-ൽ 11,56,033/-രൂപ ബാലൻസുണ്ട്: ഇതിൽ 6,61,836/-രൂപ ജനകീയപാർപ്പിട പദ്ധതി അക്കൗണ്ടിൽ നിന്നും വക മാറ്റിയിട്ടതാണ്. ടി തുക ബന്ധപ്പെട്ട സർക്കാർ ശീർഷകത്തിലേയ്ക്ക് തിരികെ ഒടുക്കുവരുത്തേണ്ടതാണ്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 15251405 |
| വരവ് | 68776744 |
| ആകെ | 84028149 |
| ചെലവ് | 70691288 |
| നീക്കിയിരിപ്പ് | 13336861 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | - | 12609130 | 12609130 | 12609130 | | 100 |
| വികസനഫണ്ട് എസ്.സി.പി. | - | 3238262 | 3238262 | 3238262 | | 100 |
| വികസനഫണ്ട് ടി.എസ്.പി. | - | - | - | - | - | - |
| സംരക്ഷണഗ്രാന്റ് റോഡ് | - | 2882697 | 2882697 | 2882697 | | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | - | 1985846 | 1985846 | 1985846 | | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | - | 5390874 | 5390874 | 5390874 | | 100 |
| പെർഫോമൻസ് ഗ്രാന്റ് | - | 31773255 | 31773255 | 3177 | 2399065 | 39.72 |
| എം.എൻ.ആർ.ഇ.ജി.എസ്. | 1839 | 31773255 | 31775094 | 31773255 | 18680 | - |
| ബി ഫണ്ട് | - | 49609660 | 49609660 | 49609660 | - | - |

**എൻ.ആർ.ഇ.ജി.എ അക്കൗണ്ടിൽ പലിശ ഇനത്തിൽ 18680/- രൂപ നീക്കിയിരിപ്പുണ്ട്.**

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 113 | 77681418 | 71 | 49398511 | 10 | 32 | 62.83 |

## 1-7 തനത് വരുമാനം

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 19.26%വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2913235 | 5110929 | 2197694 | +51 |
| നികുതിയേതര വരവുകൾ | 1623929 | 979947 | (-)643982 | -50 |
| മറ്റുവരവുകൾ | 8254233 | 9163765 | 909532 | +9.9 |
| ആകെ | 12791397 | 15254541 | 2463144 | +19.26 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 582000 | 367 |
| കർഷക തൊഴിലാളി പെൻഷൻ | 5037070 | 384 |
| വിധവാ പെൻഷൻ | 13787040 | 1312 |
| വാർദ്ധക്യ കാല പെൻഷൻ | 25754175 | 2257 |
| വികലാംഗപെൻഷൻ | 3913315 | 396 |
| അവിവാഹിതരായ 60 വയസ്സ് | 206060 | 21 |

| | | |
|---|---|---|
| കഴിഞ്ഞ സ്ത്രീകൾക്കുള്ള പെൻഷൻ | | |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20-6-2017-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4831/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

വസ്തുനികുതി, ഡി & ഒ, തൊഴിൽ നികുതി എന്നി വരവിനങ്ങളുടെ രജിസ്റ്ററുകൾ/ഡി.സി.ബി തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. തെരുവുവിളക്ക് പരിപാലനം സംബന്ധിച്ച രജിസ്റ്റർ പരിപാലിക്കുന്നില്ല. അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം ചെയ്യുന്ന പൊതുമരാമത്ത് പ്രവൃത്തിയുമായി ബന്ധപ്പെട്ട വർക്കുകൾ, എസ്റ്റിമേറ്റ് നിരക്കിനെക്കാളും 30% വരെ താഴെയുള്ള നിരക്കിലാണ് ടെണ്ടർ ചെയ്തു പോകുന്നത്. ഇങ്ങനെ ചെയുന്ന പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് Quality control വിഭാഗം ത.സ്വ.ഭ സ്ഥാപനങ്ങളിൽ കാര്യക്ഷമമാക്കേണ്ടതാണ്.

മോണിട്ടറിംഗ് സമിതികൾ കാര്യക്ഷമമല്ല. പഞ്ചായത്തിന്റെ 2016-17 വർഷത്തെ പ്രോജക്ടുകൾ ഒന്നും തന്നെ മോണിട്ടറിംഗ് സമിതികൾ വിലയിരുത്തിയിട്ടില്ല.

ഉദാ: മോണിട്ടറിംഗ് സമിതികൾ വിലയിരുത്തിയതിനുശേഷം മാത്രമേ തെരുവ് വിളക്കുകൾക്ക് AMC തുക നൽകാവൂ എന്ന വ്യവസ്ഥയക്ക് അനുസൃതമായല്ല തുക നൽകിയിട്ടുള്ളത്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 31-3-2017 | 2016-17 | 02-05-17 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17-02-2014 മുതൽ 3-03-2014വരെ | 2008-09 മുതൽ 2012-13 വരെ | 16-4-2014 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല

2016-17 വർഷത്തിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിൽനിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഈടാക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1. | ബി എസ് എൻ എൽ , ഓയൂർ | I , II |
| 2. | ട്രാവൻകൂർ എഞ്ചിനീയറിംഗ് കോളേജ്, റോഡുവിള | II |
| 3. | ഇന്ത്യൻ ഓവർസീസ് ബാങ്ക്, കരിങ്ങന്നൂർ | I , II |
| 4. | കെ. എസ്. ഇ. ബി | I , II |
| 5. | ഓയൂർ ക്ഷീരോല്പാദക സഹകരണ സംഘം, ഓയൂർ | I, II |
| 6. | മുത്തൂറ്റ് ഫിൻകോർപ്പ് , റോഡുവിള | I , II |
| 7. | വെളിനല്ലൂർ സർവ്വീസ് സഹകരണ ബാങ്ക്, കരിങ്ങന്നൂർ | II |
| 8. | എം. എസ്.ഫ്യൂവൽസ് , അമ്പലംകുന്ന് | I , II |
| 9. | എസ് . ബി . ടി, ഓയൂർ | II |
| 10. | ഡി ഡി ആർ സി എസ് ആർ എൽ ,ഓയൂർ | II |
| 11. | എം. എസ്.ഇൻഡസ്ട്രീസ്, ചെങ്കൂർ | II |
| 12. | പോപ്പുലർ ഫിനാൻസ് , ഓയൂർ | II |
| 13. | ഷാ ഓഡിറ്റോറിയം, അമ്പലംകുന്ന് | II |

ടി സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടേണ്ടതാണ്.

## 2-2 ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടില്ല. 1999-ലെ കേരള പഞ്ചായത്ത്‌രാജ് (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ട പ്രകാരം രജിസ്റ്റർ ചെയ്യണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥാപനങ്ങൾ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടില്ല.

1) വിദ്യാഭവൻ , ഓയൂർ

2)നളന്ദ, റോഡുവിള

3) ആക്കാഡമി , ഓയൂർ

4)വിശ്വഭാരതി , കരിങ്ങന്നൂർ

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി 3/19.6.2017-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽപ്പറഞ്ഞ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ ചട്ടപ്രകാരം രജിസ്റ്റർ ചെയ്ത് ലൈസൻസ് നൽകിയതിന്റെ പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ഖാദി യൂണിറ്റിന്റെ അഭിനന്ദനീയമായ പുനരുദ്ധാരണത്തിന് തുക ചെലവഴിച്ചത് സബ്സിഡി മാർഗ രേഖക്ക് വിരുദ്ധമായി

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ കേരള ഗാന്ധി സ്മാരക നിധി മിയ്യന്ന ഖാദിയൂണിറ്റിന്റെ പുനരുദ്ധാരണത്തിന്റെ ഭാഗമായി 25 തറികൾ വാങ്ങാനുള്ള തുക നൽകി മുടങ്ങി കിടന്ന യൂണിറ്റ് പ്രവർത്തനം പുനരാരംഭിച്ച് വനിതകൾക്ക് തൊഴിൽ നൽകിയ പഞ്ചായത്ത് നടപടി അഭിനന്ദനീയമാണ്.

ഖാദി യൂണിറ്റിന്റെ പുനരുദ്ധാരണപദ്ധതിയിൽ പ്രൊജക്റ്റ് നം.85/17 ബിൽ നം .1 9/ 16 -17/25 .03.17 പ്രകാരം 262500 /-രൂപ വികസന ഫണ്ടിൽ നിന്നും പിൻവലിച്ച് കേരള ഗാന്ധി സ്മാരക നിധി സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് (a/cno.082261005438) 25 തറികൾ വാങ്ങുന്നതിലേയ്ക്ക് തുക നല്കിയിട്ടുണ്ട്.

പ്രൊജക്റ്റ് പ്രകാരം വികസനഫണ്ടിൽ നിന്നും 262500/-രൂപയും, തനതു ഫണ്ടിൽ നിന്നും 187500/-രൂപയും ചെലവഴിക്കാൻ ഉദ്ദേശിച്ച പ്രോജക്റ്റിൽ വികസന ഫണ്ടായ 262500/- രൂപയാണ് ബിൽ പ്രകാരം നൽകിയത്. പുനരുദ്ധാരണ പ്രവർത്തികൾ വിലയിരുത്താനായി സ്ഥാപനത്തിൽ നടത്തിയ സന്ദർശനത്തിൽ 25 വനിതാ തൊഴിലാളികൾ തറികളിൽ ജോലി ചെയ്യുന്ന നല്ല രീതിയിൽ പ്രവർത്തിക്കുന്ന യൂണിറ്റ് കാണാൻ കഴിഞ്ഞു. നിർജീവമായി കിടന്നിരുന്ന ഖാദി യൂണിറ്റിനെ പുനർജ്ജീവിപ്പിച്ച് 25 വനിതകൾക്ക് തൊഴിൽ നൽകാൻ പഞ്ചായത്ത് സ്വീകരിച്ച നടപടി അഭിനന്ദനീയമാണ്.

സബ്സിഡി മാർഗരേഖ 4/16/11.01.16 പ്രകാരം ഖാദി സഹകരണ സംഘങ്ങൾക്കുള്ള സബ്സിഡി തുക പ്രൊജക്റ്റ് തുകയുടെ മൂന്നിലൊരു ഭാഗത്തിൽ അധികം ആകാൻ പാടില്ല എന്നിരിക്കെ പ്രൊജക്റ്റ് തുകയായ 450000/-രൂപയുടെ മൂന്നിലൊന്നു തുകയായ 150000/-

രൂപ മാത്രമേ സബ്സിഡിയായി ഗാന്ധി സ്മാരക നിധിക്ക് നല്കാൻ പാടുള്ളായായിരുന്നു. അധികമായി 112500/- രൂപ നൽകിയിട്ടുണ്ട്. അധികം നൽകിയ തുക സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി(7/22.0617)നൽകിയതിന് കേരള ഗാന്ധി സ്മാരക നിധി 1405000/-രൂപയുടെ പദ്ധതിയാണ് നൽകിയതെന്നും ടി തുകയുടെ മൂന്നിലൊന്ന് തുകയായ 450000/-രൂപയാണ് പഞ്ചായത്ത് പ്രോജെക്ടിൽ വകയിരുത്തിയെന്നും ആയതിൽ പ്രകാരമാണ് തുക നൽകിയതെന്നുമുള്ള നിർവഹണ ഉദ്യോഗസ്ഥയുടെ മറുപടി അംഗീകരിക്കുവാൻ കഴിയില്ല. കാരണം 450000/- രൂപയുടെ പ്രൊജക്റ്റിനാണ് ഡി.പി.സി.അംഗീകാരം (1/21.07.16)ലഭിച്ചിട്ടുള്ളത്. ആയതിൻ പ്രകാരം സബ്സിഡിയായി അംഗീകാരം ലഭിച്ച പ്രോജക്ടിന്റെ മൂന്നിലൊന്ന് തുകയാണ് നൽകേണ്ടത്. ആയതിനാൽ അധികം നൽകിയ 112500/- രൂപ ഗാന്ധി സ്മാരക നിധിയിൽ നിന്നും തിരികെ ഈടാക്കാണ്ടതാണ്. തിരികെ ലഭ്യമാകുന്നതു വരെ അധികം നൽകിയ 112500/- രൂപ തടസത്തിൽ വയ്ക്കുന്നു.

## 3-2 <u>ഹോംകോയിൽ നിന്ന് മരുന്ന് ലഭ്യമാക്കിയില്ല **250000/-** രൂപ തടസ്സപ്പെടുത്തുന്നു</u>

ഹോമിയോ മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ പദ്ധതിയിൽ (SO 96/17) മെയിന്റനൻസ് ഫണ്ടിൽ (റോഡിതരം)നിന്നും, 2,50,000/-രൂപ, ബിൽ നമ്പർ 2/16-17/27.10.16 പ്രകാരം പിൻവലിച്ച് കേരള സ്റ്റേറ്റ് ഹോമിയോപ്പതിക്ക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് നല്കി (ഡി.ഡി. നം. 863779/27.10 .16). പ്രസ്തുത സ്ഥാപനത്തിന്റെ ഇൻവോയ്സ് (നം.PF-175 / 17 .10 .16 ) മാത്രമേ ഫയലിൽ ലഭ്യമായിട്ടുള്ളൂ. 2,50,000 രൂപയ്ക്കുള്ള മരുന്ന് ലഭ്യമായിട്ടില്ല. മരുന്ന് ലഭ്യമായിട്ടുണ്ടോയെന്ന വിവരം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റന്വേഷണത്തിന് (നമ്പർ 1/ 16 .6.17) നിർവ്വഹണ ഉദ്യോഗസ്ഥൻ കേരളത്തിൽ ഒരിടത്തും മരുന്ന് ലഭ്യമായിട്ടില്ല എന്ന മറുപടിയാണ് നൽകിയത്. മരുന്ന് ലഭ്യമാകാത്തതിനാൽ 2,50,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്ന് ലഭ്യമാക്കാൻ തുടർനടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 3-3 <u>പി.എം.എ.വൈ വിഹിതം ഒടുക്കൽ-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല- **540000/-**രൂപ തടസ്സപ്പെടുത്തുന്നു.</u>

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പി.എം.എ.വൈ വിഹിതം ഒടുക്കൽ പദ്ധതിയിൽ( പ്രൊജക്റ്റ് നം S0 65/17)ബിൽ നം.1/16 -17/28.02.17 പ്രകാരം 5,40,000 /- രൂപ ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് (A/c no.555417896) വികസനഫണ്ട് (എസ്.സി.പി) നല്കിയിട്ടുള്ളതാണ്.

ചടയമംഗലം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ നടപടിക്രമം നം.ബി.2 -713/6/26 .12 .16 പ്രകാരം വെളിനല്ലൂർ പഞ്ചായത്തിന് താഴെപ്പറയും പ്രകാരം ടാർജറ്റ് നിശ്ചയിച്ച നല്കിയിട്ടുള്ളതാണ്.

| എസ്.സി. | മൈനോറിറ്റി | ജനറൽ | ആകെ |
|---|---|---|---|
| 27 | 8 | 1 | 36 |

വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (2/17.06.17)-ക്ക് പ്രൊജക്റ്റ് പ്രകാരം 27 ഗുണഭോക്താക്കൾക്ക് 5,40,000/-രൂപ നല്കിയിട്ടുണ്ടെങ്കിലും 7 പേർക്ക് മാത്രമാണ് ആനുകൂല്യം നൽകിയതെന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ടെന്ന മറുപടിയാണ് നല്കിയിട്ടുള്ളത്. ഗുണഭോക്താക്കളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാത്തതിനാൽ 5,40,000/- രൂപ തടസ്സത്തിൽ വയ്ക്കുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-4 ഒ.ഡി.എഫ്.കക്കൂസ് നിർമ്മാണം-കക്കൂസ് നിർമ്മിക്കാതെ തുക നൽകി

വികസന ഫണ്ട് : രൂപ 9,24,000/-

ബിൽ നം:3/16-17/30.08.16: രൂപ 3,00,000/-

4/16-17/28.09.16: രൂപ 2,48,000/-

7/16-17/07.10.16: രൂപ 153800/-

9/16-17/25.10.16: രൂപ 175200/-

11/16-17/14.11.16: രൂപ 47000/-

വി.ഇ.ഓ. നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഒ.ഡി.എഫ്. കക്കൂസ് നിർമ്മാണം എന്ന പ്രോജക്റ്റിൽ(3/17) ആകെ 60 ഗുണഭോക്താക്കൾക്കാണ് 2016-17 വർഷം ആനുകൂല്യം നൽകിയത്. കക്കൂസ് നിർമ്മിച്ചത് സംബന്ധിച്ച് നേരിട്ട് വിലയിരുത്താനായി വി.ഇ.ഒ. ശ്രീമതി.മേരികുട്ടി ജോസഫുമായി 07.06.17-ൽ നടത്തിയ സ്ഥല പരിശോധനയിൽ വാർഡ് നം.1-ലെ ശ്രീമതി.സരസമ്മ, ചരുവിളപുത്തൻവീട്, പൊരിയക്കോട് എന്ന ഗുണഭോക്താവ് കക്കൂസ് നിർമിച്ചിട്ടില്ല (മുഴുവൻ തുകയായ 15,400/- രൂപയും ബിൽനം.4,9 പ്രകാരം നൽകി). ടിയാൾ കക്കൂസിന്റെ സെപ്റ്റിക് ടാങ്കിനുള്ള കുഴി എടുക്കുന്ന പ്രവൃത്തി മാത്രമാണ് ചെയ്തിട്ടുള്ളത്. ഗുണഭോക്താവ് കക്കൂസ് നിർമ്മിക്കാത്തതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7-22.06.17) നിർവ്വഹണ ഉദ്യാഗസ്ഥൻ നൽകിയ മറുപടിയിൽ പണി പൂർത്തീകരിപ്പിച്ച് വിവരം അറിയിക്കാമെന്നുള്ള മറുപടിയാണ് ലഭ്യമാക്കിയിരിക്കുന്നത്. പണി പൂർത്തീകരിക്കാതെ ശ്രീമതി സരസമ്മയക്ക് നല്കിയിട്ടുള്ള തുകയായ 15400/- രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

ശ്രീമതി സരസമ്മയക്ക് കക്കൂസിന്റെ പണി പൂർത്തീകരിക്കാൻ നിശ്ചിത സമയം അനുവദിക്കേണ്ടതും പ്രസ്തുത സമയത്തിലും പൂർത്തീകരിക്കാൻ കഴിഞ്ഞില്ലായെങ്കിൽ ടിയാൾക്ക് നൽകിയ തുക തിരിച്ചു പിടിക്കാനുള്ള നിയമപരമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും 15400/-

രൂപ തിരികെ ഈടാക്കി വിവരം രേഖാമൂലം അറിയിക്കേണ്ടതാണ്.

## 3-5 ആയുർവേദ ആശുപത്രിക്ക് മരുന്നുവാങ്ങൽ- മുഴുവൻ തുകയ്ക്കുള്ള മരുന്നുകളും ലഭിച്ചില്ല

ആയുർ വേദ മെഡിക്കൽ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി മെയിന്റനൻസ് ഗ്രാന്റ് റോഡ് ഇതര ഫണ്ട് ഉപയോഗിച്ച് നടപ്പാക്കിയ ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ പദ്ധതി പ്രകാരം ചെലവാക്കിയ 550000/-തുകയ്ക്കുള്ള മരുന്ന് പൂർണമായും ലഭിച്ചിട്ടില്ല.

ആയുർവേദ ആശുപത്രിക്ക് മരുന്ന വാങ്ങൽ പദ്ധതി അടങ്കൽ തുകയായ 6 00,000/- രൂപയിൽ 5,50,000/- രൂപ 01/16-17/27.10.16-)o നമ്പർ ട്രഷറി ബിൽ പ്രകാരവും 50,000/-രൂപ ചെക്ക് നം.4677757 /5 .8 .16 പ്രകാരവും പിൻവലിച്ച് ഔഷധിയിൽ ഒടുക്കുകയും Retail invoice പ്രകാരം മരുന്നുകൾ ലഭ്യമാവുകയും ചെയ്തിട്ടുണ്ട്. എന്നാൽ റീട്ടെയ്ൽ ഇൻവോയിസുകളും വെളിനല്ലൂർ ഗവ:ആയുർവേദ ഹോസ്പിറ്റലിന്റെ മെയിൻ സ്റ്റോക്ക് രജിസ്റ്ററും പരിശോധിച്ചതിൽ ഔഷധിയിൽ ഒടുക്കിയ മുഴുവൻ തുകയ്ക്കുള്ള മരുന്നുകളും ലഭ്യമായില്ലെന്നു കാണുന്നു. ഇൻവോയ്സ് നം.1644 / 31 .01 .17 പ്രകാരമുള്ള 58,948 /-രൂപയുടെ മരുന്നിൽ 9720/-രൂപ വിലയുള്ള "അപരാജിത ചൂർണം" എന്ന മരുന്ന് നാളിതുവരെ ലഭ്യമായിട്ടില്ല. മരുന്ന് ലഭ്യമാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(1/16.06.17) നിർവഹണ ഉദ്യോഗസ്ഥൻ മരുന്ന് എത്രയും പെട്ടെന്ന് ലഭ്യമാക്കാം എന്ന മറുപടിയാണ് നല്കിയത്. മരുന്ന് ലഭ്യമാകുന്നത് വരെ ലഭ്യമാക്കാത്ത മരുന്നിന്റെ വില ആയ 9720/-രൂപ തടസ്സപ്പെടുത്തുന്നു. മരുന്ന് ലഭ്യമായ വിവരം രേഖാമൂലം അറിയിച്ച് ഓഡിറ്റ് തടസം ഒഴിവാക്കേണ്ടതാണ്.

## 3-6 സി.എച്ച്.സി പാലിയേറ്റിവ് കെയർ മരുന്ന് വിതരണം ചെയ്തില്ല 239190/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

പ്രോജക്റ്റ് നം. 14/17, അടങ്കൽ തുക 5,00,000/രൂപ,

നിർവ്വഹണം മെഡിക്കൽ ആഫീസർ സി.എച്ച്. സി

പാലിയേറ്റിവ് രോഗികളുടെ പരിചരണത്തിനാവശ്യമായ മരുന്നുകൾ വാങ്ങുന്നതിന് താഴെപ്പറയുന്ന ബില്ലുകൾ അനുസരിച്ച് മെഡിക്കൽ ആഫീസർ തുക പിൻവലിച്ച് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിലേയ്ക്ക് ഒടുക്ക് വരുത്തിയിട്ടുണ്ട്. എന്നാൽ നാളിതുവരെയും ടി സ്ഥാപനത്തിൽ നിന്നും മരുന്നുകൾ സപ്ലൈ ചെയ്തിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| ബിൽ നം./ തീയതി | തുക | റിമാർക്സ് |
|---|---|---|
| 2/2016-17 | 63836 | 46709/- രൂപയുടെ മരുന്നുകൾ മാത്രമേ |

| | | |
|---|---|---|
| തീയതി 29-12-2016 | | വിതരണം ചെയ്തിട്ടുള്ളൂ. 17127/- രൂപയുടെ മരുന്നുകൾ വിതരണം ചെയ്യാൻ അവശേഷിക്കുന്നു. |
| 3/2016-17 തീയതി 20-03-2017 | 43963 | മരുന്നുകൾ നാളിതുവരെ വിതരണം ചെയ്തിട്ടില്ല. |
| 4/2016-17 തീയതി 31-03-2017 | 178100 | മരുന്നുകൾ നാളിതുവരെ വിതരണം ചെയ്തിട്ടില്ല. |

പാലിയേറ്റിവ് കെയർ ആവശ്യങ്ങൾക്ക് അടിയന്തിരപ്രാധാന്യമുള്ള മരുന്നുകളാണ് വിതരണം ചെയ്യുന്നതിന് ഓർഡർ നൽകിയതെങ്കിലും നാളിതുവരെയും മരുന്നുകൾ വിതരണം ചെയ്യാത്തത് ഗുരുതരമായ വീഴ്ചയായി കണക്കാക്കുന്നു. 2,39,190/-രൂപ (17127+43963+178100) തടസ്സത്തിൽ വയ്ക്കുന്നു. മരുന്നുകൾ ലഭ്യമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 3-7 ജീവനക്കാരുടെ സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് പ്രീമിയം ഈടാക്കുന്നത് അടിസ്ഥാന ശമ്പള നിരക്കനുസരിച്ചില്ല.

സർക്കാർ സർവ്വീസിൽ പ്രവേശിക്കുന്ന ഉദ്യോഗസ്ഥൻ, ജോലിയിൽ പ്രവേശിച്ച് ഒരു വർഷത്തിനകം സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് പോളിസിയിൽ അംഗത്വമെടുക്കണമെന്നും, പോളിസിയിൽ അംഗത്വമെടുക്കാതെ ഉദ്യോഗസ്ഥന് ആദ്യ ഇൻക്രിമെന്റ് അനുവദിക്കാനാവില്ല എന്നും റൂൾ 22എ, കെ.എസ്.ആർ.പാർട്ട് 1, നോട്ട് അണ്ടർ റൂൾ 31 ജി.ഒ.(പി). നം.556/2008/ധന/തീയതി 16-12-2008 എന്നിവ പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ വെളിനല്ലൂർ ഗ്രാമ പഞ്ചായത്തിലെ ജീവനക്കാരുടെ സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് പ്രീമിയം ഈടാക്കുന്നത് അടിസ്ഥാനശമ്പളത്തിന്റെ നിരക്കനുസരിച്ചല്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ജീവനക്കാരുടെ പേര് | ഉദ്യോഗപ്പേര് | അടിസ്ഥാന ശമ്പളം | ശമ്പള സ്കെയിൽ | ഈടാക്കേണ്ട ഇൻഷ്വറൻസ് തുക | ഈടാക്കിയ തുക | കുറവ് |
|---|---|---|---|---|---|---|---|
| 1 | ശ്രീ.നൗഷാദ്.എ. | ജൂനിയർ സൂപ്രണ്ട് | 43600 | 30700-65400 | 500 | 150 | 350 |

| | | | | | | | |
|---|---|---|---|---|---|---|---|
| 2 | ശ്രീ.മണികണ്ഠൻ ആർ | അസി.സെക്രട്ടറി | 42500 | 30700-65400 | 500 | 200 | 300 |
| 3 | ശ്രീമതി.എസ് നിർമല | അക്കൗണ്ടന്റ് | 33100 | 27800-59400 | 300 | 225 | 75 |
| 4 | ശ്രീ.അജയ്.എ | സീനിയർ ക്ലാർക്ക് | 31500 | 25200-54000 | 300 | 150 | 150 |
| 5 | ശ്രീ.സമീർ | സീനിയർ ക്ലാർക്ക് | 31500 | 25200-54000 | 300 | 150 | 150 |
| 6 | ശ്രീമതി. സിന്ധു എസ് | സീനിയർ ക്ലാർക്ക് | 31500 | 25200-54000 | 300 | 200 | 100 |
| 7 | ശ്രീ.ശ്യാം കുമാർ | സീനിയർ ക്ലാർക്ക് | 29200 | 25200-54000 | 300 | 250 | 50 |

ജീവനക്കാരുടെ സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് പ്രീമിയം അടിസ്ഥാന ശമ്പള നിരക്കനുസരിച്ച് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-8 അതുല്യം പദ്ധതിക്ക് വേണ്ടി വാങ്ങിയ പുസ്തകങ്ങളുടെ വില നൽകിയത് കോർഡിനേറ്ററുടെ അക്കൗണ്ടിൽ പ്രൊജക്റ്റ് നം.S0012/16.

ധനകാര്യ കമ്മിഷൻ ഗ്രാന്റ്

ബിൽ നം. 29/31.03.17:96660/-രൂപ

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നിർവഹിച്ച അതുല്യം സ്പിൽ ഓവർ പദ്ധതിയിൽ 96660/-രൂപയാണ് ബിൽ പ്രകാരം പിൻവലിച്ചത്. ഇതിൽ പഠിതാക്കൾക്ക് വേണ്ടി വാങ്ങിയ 350 പുസ്തകങ്ങളുടെ വിലയായ 17500/-രൂപ കെ.എസ്.എൽ.എം.ഡയറക്ടറുടെ അക്കൗണ്ടിൽ നൽകാതെ കോർഡിനേറ്ററുടെ അക്കൗണ്ടിൽ നൽകി.

പഠിതാക്കൾക്ക് വേണ്ടി വാങ്ങിയ പുസ്തകങ്ങളുടെ വിലയായ 17500/-രൂപ സംസ്ഥാന സാക്ഷരതാമിഷൻ ഡയറക്ടറുടെ അക്കൗണ്ടിലേക്ക് നൽകുന്നതിന് പകരം കോർഡിനേറ്ററുടെ അക്കൗണ്ടിലേക്കാണ് നൽകിയത്.
(A/c no.67234873596 എസ്.ബി.ഐ,വെളിനല്ലൂർ ബ്രാഞ്ച്). ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(13/26.06.17) കേരളാ സാക്ഷരതാമിഷന്റെ അക്കൗണ്ട് വിവരങ്ങൾ യഥാസമയം ലഭിക്കാത്തതിനാലാണ് കോർഡിനേറ്ററുടെ അക്കൗണ്ടിലേക്ക് തുക നൽകിയതെന്നും, കോർഡിനേറ്റർ തുക കെ.എസ്.എൽ.എം, ഡയറക്ടറുടെ അക്കൗണ്ടിലേക്ക് 28.06.17ൽ നൽകിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ കെ.എസ്.എൽ.എം, ഡയറക്ടറുടെ അക്കൗണ്ടിലേക്ക് തുക ക്രെഡിറ്റ് ചെയ്ത രസീതിന്റെ പേ-ഇൻ-സ്ലിപ് പരിശോധനക്ക് ഹാജരാക്കിയിട്ടുണ്ട്. കെ.എസ്.എൽ.എം, ഡയറക്ടറുടെ അക്കൗണ്ടിൽ തുക നല്കാതെ കോർഡിനേറ്ററുടെ അക്കൗണ്ടിലേക്ക് തുക നൽകിയത് തെറ്റായ നടപടിയാണ്. പ്രസ്തുത തുക സാക്ഷരതാ മിഷനിൽ ഒടുക്കി രസീത് ഹാജരാക്കുന്നതു വരെ ചെലവ് തുക രൂപ 17500/-തടസ്സത്തിൽ വയ്ക്കുന്നു.

## 3-9 <u>അതുല്യം പദ്ധതി -റിസോഴ്സ് പേഴ്സന് നൽകിയ ഹോണറേറിയം നിരാകരിക്കുന്നു. പ്രൊജക്റ്റ് നം S0012/16.</u>

ധനകാര്യ കമ്മിഷൻ ഗ്രാന്റ്

ബിൽ നം .29/31.03.17:96660/-രൂപ

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നിർവഹിച്ച സ്പിൽ ഓവർ പ്രവർത്തിയിൽ 15 വയസിന് മുകളിൽ പ്രായമുള്ള നാലാം ക്ലാസ്സ് വിദ്യാഭ്യാസമുള്ളവരെ കണ്ടെത്തി നാല് മാസം കുറഞ്ഞത് 100 മണിക്കൂർ പഠിപ്പിച്ച് നാലാം ക്ലാസ് പാസാക്കി എടുക്കുക എന്നതായിരുന്ന ലക്ഷ്യം. പ്രൊജക്റ്റ് പ്രകാരം റിസോഴ്സ് പേഴ്സണ് യാത്രബത്ത ഇനത്തിൽ 4000/- രൂപയാണ് വെച്ചിട്ടുള്ളത്. എന്നാൽ യാത്രാ ബത്ത ആയി 5000/-രൂപ കോർഡിനേറ്ററുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. യാത്രബത്ത കൂടുതൽ കൊടുത്തതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വറിയ്ക്ക് (13/26.06.17) കോർഡിനേറ്ററിൽ നിന്നും വിശദീകരണം വാങ്ങി റിപ്പോർട്ട് ചെയ്യാമെന്നാണ് നൽകിയ മറുപടി. ആയതിനാൽ റിസോഴ്സ് പേഴ്സണ് അധികം നൽകിയ 1000/- രൂപ നിരാകരിക്കുന്നു. കോർഡിനേറ്ററിൽ നിന്നും ടി തുക തിരികെ ഈടാക്കേണ്ടതാണ്.

## 3-10 <u>വിട്ടു കിട്ടിയ സ്ഥാപനങ്ങൾക്ക് ഫർണിച്ചർ വിതരണം ചെയ്യാൻ ഇനിയും ബാക്കി.</u>

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നിർവഹിച്ച വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് ഫർണീച്ചർ വാങ്ങൽ എന്ന പ്രൊജക്റ്റിൽ (നം.S 0124/17) ബിൽ നം.28/31.03.17 പ്രകാരം പി.ജി.കെ.ഇൻഡസ്ട്രീസ്, ചാത്തന്നൂർ എന്ന സ്ഥാപനത്തിൽ നിന്നും ഉപകരണങ്ങളുടെ ആവശ്യകത നിർണ്ണയിക്കാതെ (ഇൻവോയ്സ് നം.15/29.03.15) 1,54,515/-രൂപയ്ക്ക് വാങ്ങിയ armlesschair (400nos), steel cabinet-18g(1no), office chair teakwood (4nos), revolving chair(4nos) എന്നീ ഫർണീച്ചറുകൾ സ്റ്റോക്ക് രജിസ്റ്ററിൽ

രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഫർണിച്ചറുകൾ മുഴുവനും വിതരണം ചെയ്തിട്ടില്ല . വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് നൽകിയ ഫർണീച്ചറുകളുടെ കൈപ്പറ്റ് രസീതുകൾ ഹാജരാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/27.6.17) ലഭ്യമാക്കിയ മറുപടിപ്രകാരം 33 അങ്കണവാടികൾ 385 കസേരകൾ കൈപറ്റിയതിന്റെ രസീതുകൾ ഹാജരാക്കിയിട്ടുണ്ട്. ബാക്കി 15 കസേരകൾ കൈപ്പറ്റിയതിന്റെ രസീതുകൾ ഹാജരാക്കിയിട്ടില്ല. ഗവണ്മെന്റ് ആയുർവേദ ഡിസ്പെൻസറിക്ക് office chair teakwood കസേരകൾ 2 എണ്ണം നൽകിയിട്ടുണ്ട്. ബാക്കി 2 കസേരകൾ നൽകിയിട്ടില്ല. revolving chair(4nos), steel cabinet-18g(1no) എന്നിവ വിതരണം ചെയ്യാതെ പഞ്ചായത്ത് ഓഫിസിൽ സൂക്ഷിച്ചിരിക്കുകയാണ്. ആയതിനാൽ വിതരണം ചെയ്യാനുള്ള ബാക്കി ഫർണീച്ചറുകൾ വിതരണം ചെയ്ത് വിവരം രേഖാമൂലം അറിയിക്കേണ്ടതാണ്. ഉപകരണങ്ങളുടെ ആവശ്യകത നിർണ്ണയിച്ച് മാത്രം വാങ്ങലുകൾ നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-11 ജപ്പാൻ കുടിവെള്ള പദ്ധതി - പി.ഡബ്ല്യൂ.ഡി.റോഡുകൾക്ക് കെ.എസ്.റ്റി .പി.റോഡുകളുടെ റോഡ് റെസ്റ്റോറേഷൻ നിരക്ക്.

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നിർവഹിച്ച ജപ്പാൻ കുടിവെള്ളം പൈപ്പ് ലൈൻ നീട്ടൽ പ്രോജക്ടിൽ ബിൽ നം.23/31.03.17 പ്രകാരം 21,89,114/- രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റായി എക്സിക്യൂട്ടീവ് എഞ്ചിനീയർ പി.എച്ച്.ഡിവിഷൻ കേരള വാട്ടർ അതോറിറ്റി,കൊട്ടാരക്കരയ്ക്ക് നൽകിയിട്ടുണ്ട് (a/cno.67215825353).ആകെ 30 ലക്ഷം രൂപ അടങ്കൽ വെച്ച തുകയിൽ തനതു ഫണ്ടായ 8,10,886/- രൂപ കേരളാ വാട്ടർ അതോറിറ്റിക്ക് നല്കിയിട്ടില്ല.

എക്സിക്യൂട്ടീവ് എഞ്ചിനീയർ പി.എച്.ഡിവിഷൻ,കേരള വാട്ടർ അതോറിറ്റി നൽകിയ 3,00,000/- രൂപയുടെ ജപ്പാൻ കുടിവെള്ളം പൈപ്പ് ലൈൻ നീട്ടൽ പ്രോജക്ടിൽ kstp road charges having black topped surface എന്ന പ്രവൃത്തി ചെയ്യുന്നതിന് മീറ്ററിന് രൂപ.1524/- പ്രകാരം എസ്റ്റിമേറ്റ് തയാറാക്കി നല്കിയിട്ടുള്ളതാണ്. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | എസ്റ്റിമേറ്റ് തുക | എസ്റ്റിമേറ്റ് ഏരിയ (മീറ്റർ) | കെ.എസ് .റ്റി .പി.റോഡ് റെസ്റ്റോറേഷൻ തുക | എസ്റ്റിമേറ്റ് നിരക്ക് |
|---|---|---|---|---|---|
| 1. | കോട്ടയ്ക്കവിള മുതൽ കരയ്ക്കോണം റോഡ് | 1436382 | 15 | 22860 | 1524/m |

| | | | | | |
|---|---|---|---|---|---|
| 2. | ചെറുവയ്ക്കൽ മുതൽ ഞാലിക്കുന്നു | 226193 | 22.5 | 34223 | 1521/m |
| 3. | കുമ്പല്ലൂർകാവ് ക്ഷേത്രം മുതൽമുളയരച്ചാൽ | 543666 | 15 | 22860 | 1524/m |
| 4. | ചെറുവയ്ക്കൽ കരയോഗം മുതൽ മുണ്ടപ്പള്ളിക്കോണം | 233172 | 7.5 | 11430 | 1524/m |
| 5. | അമ്പലംകുന്നു മുതൽ ചെങ്കൂർ ഭാഗം വരെ | 559604 | 262.5 | 253050 | 964/m |
| 6. | അനാമത്തുചെലവുകൾ | 983 | | | |

ക്രമനം.5 അമ്പലംകുന്ന് മുതൽ ചെങ്കൂർ റോഡിനു പി.ഡബ്ല്യൂ.ഡി. നിരക്കാണ് നല്കിയിട്ടുള്ളത്. ബാക്കി റോഡുകൾക്ക് കെ.എസ്.റ്റി.പി. റോഡുകളുടെ നിരക്കാണ് നല്കിയിട്ടുള്ളത്. നിലവിൽ പഞ്ചായത്തിൽ കെ.എസ്.റ്റി.പി. റോഡുകളുണ്ടോ എന്ന് ആരാഞ്ഞ എൻക്വയറിയ്ക്ക് (13/27.06.17) എസ്റ്റിമേറ്റിൽ കാണിച്ചിരിക്കുന്ന തുക സംബന്ധിച്ച വിശദ വിവരം വാട്ടർ അതോറിറ്റിയിൽ നിന്നും ആവശ്യപ്പെട്ടിട്ടുണ്ടെന്നും വിവരം ലഭിച്ചതിനു ശേഷമേ ബാക്കി തുക ഡെപ്പോസിറ്റ് ചെയ്യുകയുള്ളുവെന്നുമുള്ള മറുപടിയാണ് നൽകിയിരിക്കുന്നത്. ആയതിനാൽ ജപ്പാൻ കുടിവെള്ള പൈപ്പ്ലൈൻ ഇടുന്നതിന് ഭാഗമായി റോഡ് പുനരുദ്ധാരണം ചെയ്യുന്നതിന് പി.എച്ച്.ഡിവിഷൻ,കേരളാ വാട്ടർ അതോറിറ്റി,കൊട്ടാരക്കര എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും എസ്റ്റിമേറ്റ് റിവൈസ് ചെയ്തു വാങ്ങി തദനുസൃതമായി ബാക്കി തുക അനുവദിക്കേണ്ടതാണ്.

## 3-12 ഡെപ്പോസിറ്റ് വർക്ക് പദ്ധതി പൂർത്തിയാക്കിയിട്ടില്ല -ചെലവ് തുക തടസ്സപ്പെടുത്തുന്നു

ഓഡിറ്റ് വർഷത്തിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ തുക നൽകിയിട്ടുണ്ട്. പദ്ധതിയുടെ പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ ചെലവുതുക തടസ്സപ്പെടുത്തുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ | മുൻകൂർ നൽകിയ തുക | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|
| എക്സിക്യൂട്ടീവ് എഞ്ചിനീയർ പിഡബ്ല്യൂഡി.ഇലക്ട്രിക്കൽ ഡിവിഷൻ | പദ്ധതി നമ്പർ എസ് .0121/17 ഷോപ്പിംഗ് കോംപ്ലക്സ് ഇലക്ട്രിഫിക്കേഷൻ | നം.13/25.02.17, 14/25.02.17 | 1600000 | സെക്രട്ടറി |
| എക്സിക്യൂട്ടീവ് എഞ്ചിനീയർ കേരള വാട്ടർ അതോറിറ്റി | പദ്ധതി നമ്പർ . എസ്.0127/2017 ജപ്പാൻകുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | 23/2016-17 തീയതി 31.03.2017 | 2189114 | സെക്രട്ടറി |
| എക്സിക്യൂട്ടീവ് എഞ്ചിനീയർ പിഡബ്ല്യൂഡി.ഇലെക്ട്രിക്കൽ ഡിവിഷൻ | പദ്ധതി നമ്പർ. എസ്.72/17 പോസ്റ്റ് ഷിഫ്റ്റിംഗ് | ട്രഷറി ചെക്ക് നം 2879286/31.03.17 | 95016 | സെക്രട്ടറി |
| | | ആകെ | 3884130 | |

പദ്ധതി പൂർത്തീകരിച്ച് പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-13 വിവിധ കൃഷിയ്ക്ക് വാങ്ങിയ ജൈവ വളത്തിന്റെ വൗച്ചറുകൾ അപൂർണം

വെളിനല്ലൂർ കൃഷി ഓഫീസർ നടപ്പിലാക്കിയ വാഴകൃഷി വികസനം(പ്രൊജക്റ്റ് നം.S0050/17), പച്ചക്കറിവികസനം (പ്രൊജക്റ്റ് നം.S056/17), നെൽകൃഷിവികസനം (പ്രൊജക്റ്റ് നം.S059/17)എന്നീ പ്രോജക്ടുകൾക്ക് കർഷകർ വാങ്ങിയ ജൈവവളത്തിന്റെ (ചാണകത്തിന്റെ) വൗച്ചറുകൾ അപൂർണ്ണമാണ്. വൗച്ചറുകളിൽ എല്ലാം തന്നെ ജൈവവളം നൽകിയ വ്യക്തിയുടെ ഒപ്പും, വീട്ടു പേരും മാത്രമാണ് ഉള്ളത്. പൂർണമായ മേൽ വിലാസം ഒരു വൗച്ചറിലും രേഖപ്പെടുത്തിയിട്ടില്ല. നെൽ/പച്ചക്കറികൃഷിയ്ക്ക് കിലോയ്ക്ക് 2/-രൂപ പ്രകാരവും, വാഴകൃഷിക്ക് ജൈവവളം വാങ്ങിയതിന് കിലോയ്ക്ക് 2.5/-രൂപ പ്രകാരവുമാണ് കർഷകർക്ക് സബ്സിഡി (75%) നൽകിയത്. വിവിധ കൃഷിക്കായി ജൈവവളം വാങ്ങിയതിന്റെ വിവരം താഴെ പറയുന്നു.

| ഐറ്റം | വാഴ | നെല്ല് | പച്ചക്കറി |
|---|---|---|---|
| ചാണകം (ടൺ ) | 20 | 35 | 25 |

എന്നാൽ വാഴകൃഷിക്ക് വാങ്ങിയ 20 ടൺ ജൈവവളം ഉണക്കച്ചാണകമാണോ, പച്ച ചാണകമാണോ എന്ന് വൗച്ചറിൽ രേഖപെടുത്തിയിട്ടില്ല. മാത്രവുമല്ല കൃഷി ഓഫീസർ ഒരു

വൗച്ചറിലും ജൈവവളം വാങ്ങിയത് ബോധ്യപ്പെട്ടതായി സർട്ടിഫൈ ചെയ്തിട്ടുമില്ല.

മാത്രവുമല്ല, കൃഷി ഓഫീസറോ മോണിറ്ററിങ് സമിതിയോ വൗച്ചറുകൾ പ്രകാരമുള്ള അളവിലെ വളമാണോ ഉപയോഗിച്ചതെന്ന് സർട്ടിഫൈ ചെയ്ത് ലഭ്യമാക്കിയിട്ടില്ല. ഇത്തരത്തിലുള്ള വൗച്ചറുകൾക്ക് അനുസൃതമായി തുക നൽകുന്നത് ശരിയായ നടപടി അല്ല. കൃഷിയുമായി ബന്ധപ്പെട്ട നടന്ന ഒരു പ്രവൃത്തിയിലും പ്രൊജക്റ്റ് പ്രകാരം ഉള്ള മോണിറ്ററിങ് നടത്തിയിട്ടില്ല. ആയതിനാൽ മേലിൽ ജൈവവളങ്ങൾ ലോക്കൽ പർച്ചേസ് നടത്തുമ്പോൾ കൃത്യമായ വൗച്ചറുകൾക്ക് മാത്രം തുക അനുവദിക്കേണ്ടതാണ് .

## **3-14** ചൂങ്കത്തറ കുഴൽകിണർ - കൊക്കാട് ഏലാറോഡ് കലുങ്കം, കോൺക്രീറ്റും, കുഴിച്ചെടുത്ത മണ്ണ് ഫില്ലിംഗിന് ഉപയോഗിച്ചില്ല - നഷ്ടം **2599/-**രൂപ

പ്രോജക്റ്റ് നം.26/2017,

അടങ്കൽ തുക 4,00,000/-രൂപ (M:G,R),

കരാറുകാരൻ കെ. സലിം.

എഗ്രിമെൻറ് നം. 18/AE/LSGD/VLNR/2016 -17 /16 -12 -2016.

M Book No. 80/2015 -16.

ടി വർക്കിൻെറ ഇനം ഒന്നായി 10.992m$^3$ മണ്ണ് എസ്കവേറ്റ് ചെയ്തതിന് ഒരു m$^3$ ന് 229.70/- രൂപ നിരക്കിൽ 2524.86 രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. ഇനം 10 ആയുള്ള മണ്ണ് ഫില്ലിംഗിന് 76.50m3 കണക്കാക്കി ഒരു m$^3$ന് 297.75 രൂപ നിരക്കിൽ 22277.88 രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. മേൽ ഇനം ഒന്നായി എസ്കവേറ്റ് ചെയ്ത 10.993m$^3$ മണ്ണ് ഫില്ലിംഗിന് ഉപയോഗിച്ചിട്ടില്ല. കൂടാതെ എസ്കവേറ്റ് ചെയ്ത മണ്ണ് ഫില്ലിംഗിന് ഉപയോഗ പ്രദമല്ലെന്ന് എഞ്ചിനിയർ അളവ് പുസ്തകത്തിൽ സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. ആയതിനാൽ ഇനം ഒന്നായുള്ള മണ്ണ് ഉപയോഗിക്കാത്തത് മൂലം 3273/-(10.992m$^3$x297.75) രൂപയിൽ ടെണ്ടർ ഡിഡക്ഷൻ 20.60% കുറച്ച് 2599/-രൂപ പഞ്ചായത്തിന് നഷ്ടം ഉണ്ടായിട്ടുണ്ട്. ടി പരാമർശവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (9/16-17/27.06.17) ലഭ്യമാക്കിയ മറുപടിയിൽ ടി മണ്ണ് ഫില്ലിംഗിന് അനുയോജ്യമല്ല എന്നും, ആയത് എം. ബുക്കിൽ രേഖപ്പെടുത്താൻ വിട്ടുപോയി എന്ന മറുപടിയാണ് ലഭ്യമാക്കിയത്. ആയത് അംഗീകരിക്കാവുന്നതല്ല.

## **3-15** പ്രൈവറ്റ് ബസ് പാർക്കിംഗ് യാർഡ് ,മത്സ്യ മാർക്കറ്റ് എന്നിവ പദ്ധതികൾ ലക്ഷ്യം കൈവരിച്ചില്ല.

പ്രോജക്റ്റ് നം. 100/2017,

അടങ്കൽ തുക 12,55,000/രൂപ (ലോക ബാങ്ക് സഹായം),

കരാറുകാരൻ കെ. സലിം,

എഗ്രിമെൻറ് നം. 21/AE/LSGD/VLNR/2016-17/ 23-12-1016,

എം.ബുക്ക് നം. 17/2015-16.

ഓയൂർ ജംഗ്ഷനിലെ ട്രാഫിക് പരിഷ്കരണത്തിൻെറ ഭാഗമായി പ്രൈവറ്റ് ബസ്

പാർക്കിംഗിന് വേണ്ടി മാർക്കറ്റിനോട് ചേർന്നുള്ള സ്ഥലത്ത് ലോകബാങ്ക് ധനസഹായത്തോടെ 8,73,712/രൂപ ചെലവു ചെയ്ത് നിർമ്മാണം പൂർത്തീകരിച്ച പ്രൈവറ്റ് ബസ് യാർഡ് നാളിതുവരെയും ബസ് പാർക്കിംഗിന് വേണ്ടി തുറന്ന് പ്രവർത്തിപ്പിച്ചിട്ടില്ല. പ്രോജക്ട് ലക്ഷ്യം കൈവരിക്കുന്നതിന് ബസ് യാർഡ് പ്രൈവറ്റ് ബസുകളുടെ പാർക്കിംഗിന് വേണ്ടി തുറന്ന് കൊടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

2015-16 സാമ്പത്തിക വർഷം തനതുഫണ്ട് വകയിരുത്തി, ഓയൂർ മത്സ്യ മാർക്കറ്റ് നിർമ്മാണം എന്ന പ്രോജക്ടിൽ 5,00,000/രൂപ ചെലവ് ചെയ്ത് 12m നീളത്തിലും. 7m വീതിയിലുമായി നിർമ്മാണം പൂർത്തീകരിച്ച ഷെഡ് നാളിതുവരെയും മത്സ്യവിപണനത്തിന് വേണ്ടി ഉപയോഗിച്ചിട്ടില്ല. നിർജ്ജീവ ആസ്തിയായി അവശേഷിക്കുന്നു. ഷെഡ് മത്സ്യ വിപണനത്തിന് തുറന്നുകൊടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2016-17 | 90000 | നെൽകൃഷി | - | 90000 |
| ജില്ലാ പഞ്ചായത്ത് | 2016-17 | 160800 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ സ്കോളർഷിപ്പ് | 160800 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 160800 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ സ്കോളർഷിപ്പ് | 160800 | - |
| ബ്ലോക്ക് | 2016-17 | 500000 | ചെങ്കൂർ 9- ാം | 500000 | - |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | | നമ്പർ അങ്കണവാടി | | |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 350000 | പാലിന് സബ്സിഡി | 350000 | - |

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| പി.ഡബ്ല്യൂ.ഡി- ഇളക്ട്രിക്കൽ | ഷോപ്പിംഗ് കൊാംപ്ലക്സ് ഇലക്ട്രിഫിക്കേഷൻ | 13/16-17 /25.2.2017(plan)<br>14/16-17 /25.2.2017(CFC) | 1600000 | - | 1600000 |
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ നീട്ടൽ | 23/16-17 /31.3.2017 | 2189114 | - | 2189114 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 1,78,85,600/- രൂപ വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഷോപ്പിംഗ് കോംപ്ലക്സ് | 1884/15/LSGD 23-06-15 | 20266200 | - | - | 925734 | 17885600 |

ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിന് 2,02,66,200/- രൂപ അനുവദിച്ചതിൽ 1,78,85,600/-രൂപ മാത്രമേ ഗ്രാമപഞ്ചായത്ത് ഓഡിറ്റ് വർഷം ലോണായി എടുത്തിട്ടുള്ളൂ. ഫൈനൽ ബിൽ നാളിതുവരെയും സെറ്റിൽ ചെയ്തിട്ടില്ല. മുതലിൽ തിരിച്ചടവ് വന്നിട്ടില്ല.

**4-5** സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | - |
| തൻവർഷം നിക്ഷേപിച്ച തുക | 20,00,000 |
| ആകെ | 20,00,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 20,00,000 |

**4-6** ഓഡിറ്റ് റിക്കവറി

ഇല്ല.

**4-7** സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

**4-8** ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പുൾപ്പെടെ) | 84028149 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 70691288 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 3599 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5068440 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-9 | - | 1000 | ശ്രീ. എം.ആർ ഷരീഫ്, സെക്രട്ടറി |
| 3-14 | - | 2599 | ശ്രീ.എൻ.പ്രദീപ് കുമാർ, എ.ഇ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 3-1 | 1,12,500 | ശ്രീമതി. മേരിക്കുട്ടി ജോസഫ്, വി ഇ ഒ |
| 3-2 | 2,50,000 | ഡോ. ഷിജ്ജ മാത്യൂ, മെഡിക്കൽ ഓഫീസർ(ആയൂർവേദം) |
| 3-3 | 5,40,000 | ശ്രീ. ആർ മണികണ്ഠൻ, അസി. സെക്രട്ടറി |
| 3-4 | 15,400 | ശ്രീമതി. മേരിക്കുട്ടി ജോസഫ് ,വി ഇ ഒ |
| 3-5 | 9,720 | ഡോ. ഷിജ്ജ മാത്യൂ, മെഡിക്കൽ ഓഫീസർ(ആയൂർവേദം) |
| 3-6 | 2,39,190 | ഡോ. കെ ശശി,മെഡിക്കൽ ഓഫീസർ(പി എച് സി) |
| | | ഡോ. സുചിത, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| 3-8 | 17,500 | ശ്രീ. എം.ആർ ഷരീഫ് , സെക്രട്ടറി |
| 3-12 | 3,88,4130 | ശ്രീ. എം.ആർ ഷരീഫ് , സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. എം.ആർ ഷരീഫ്, സെക്രട്ടറി | സെക്രട്ടറി, വെളിനല്ലൂർ ഗ്രാമ പഞ്ചായത്ത് | പുത്തൻകട , മേവറം, ഉമയനല്ലൂർ, കൊല്ലം |
| ശ്രീ. എൻ. പ്രദീപ് കുമാർ | എ.ഇ, വെളിനല്ലൂർ ഗ്രാമ പഞ്ചായത്ത് | തുലിക, പ്ലാകാട്ട്, ആദിച്ചനല്ലൂർ |

## 4-9 തീർപ്പാക്കാൻ ശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-1998 | എൽ. എഫ്. ക്യൂ-പി 7/1318(2)/14/ 13.6.14 |
| 1998-1999 | എൽ. എഫ് ക്യൂ-പി 7/1318(3)/14/ 13.6.14 |
| 1999-2000 | എൽ. എഫ് ക്യൂ-പി 7/1318(4)/14/ 13.6.14 |
| 2000-2001 | എൽ. എഫ് ക്യൂ-പി 7/1318(5)/14/ 13.6.14 |
| 2001-2002 | എൽ. എഫ് ക്യൂ-പി 7/1318(6)/14/ 13.6.14 |
| 2002-2003 | എൽ. എഫ് ക്യൂ-പി 7/1318(7)/14/ 13.6.14 |
| 2003-2004 | എൽ. എഫ് ക്യൂ-പി 7/1318(8)/14/ 13.6.14 |
| 2004-2005 | എൽ. എഫ് ക്യൂ-പി 7/1318(9)/14/ 13.6.14 |
| 2005-2006 | എൽ. എഫ് ക്യൂ-പി 7/1318(10)/14/ 13.6.14 |
| 2006-2007 | എൽ. എഫ് ക്യൂ-പി 7/1318(11)/14/ 13.6.14 |
| 2007-2008 | എൽ. എഫ് ക്യൂ-പി 7/1318(12)/14/ 13.6.14 |
| 2008-2009 | എൽ. എഫ് ക്യൂ-പി 7/1318(13)/14/ 13.6.14 |
| 2009-2010 | എൽ. എഫ് ക്യൂ-പി 7/1318(14)/14/ 13.6.14 |
| 2010-2011 | എൽ. എഫ് ക്യൂ-പി 7/1318(15)/14/13.6.14 |
| 2011-2012 | എൽ.എഫ്.ക്യൂ.പി.7-621/14/05.05.14/ 22.05.2014 |
| 2012-2013 | എൽ.എഫ്.ക്യൂ.-പി-7/384/2015/4.4.2015 |
| 2013-2014 & 2014-2015 | കെ.എസ്.എ/കെ.എൽ.എം. പി-7/937/ 2016/08.06.2016 |
| 2015-16 | കെ.എസ്.എ/കെ.എൽ.എം.പി-7/224/ 2017/13.02.2017 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

**4-10** ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ. കെ.എൽ.എം - പി3/1448/17


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in


തീയതി 16/08/2017.

സാക്ഷ്യപത്രം 2016-2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാംവകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ വെളിനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വെളിനല്ലൂർ ഗ്രാമ പഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക, വരവു-ചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.